അത്താണി മേൽപ്പാലം, വടക്കാഞ്ചേരി റെയിൽവേ മേൽപ്പാലം എന്നിവയുടെ നിർമ്മാണം

159 [2230] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിലേക്കുള്ള അത്താണി മേൽപ്പാലത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) വടക്കാഞ്ചേരി മേൽപ്പാലത്തിന്റെ എസ്റ്റിമേറ്റ് തുക റെയിൽവേക്ക് ഡെപ്പോസിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവോ;

(സി) റെയിൽവേ മേൽപ്പാലത്തിന്റെ എസ്റ്റിമേറ്റ് സംഖ്യ മുഴുവനായി അടയ്ക്കാൻ സർക്കാർ തയ്യാറാണെന്ന് റെയിൽവേയെ അറിയിച്ചിട്ടുണ്ടോ?

ഉത്തരം

(എ) അപ്രോച്ച് ഭാഗത്തിന്റെ നിർമ്മാണ പ്രവർത്തനം ഏകദേശം 70 ശതമാനത്തോളം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള നിർമ്മാണപ്രവർത്തനം ഭൂമി ഏറ്റെടുക്കലിനുള്ള കാലതാമസംമൂലം മന്ദഗതിയിലാണ്. ഭൂമി ഏറ്റെടുക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്. റെയിൽവേ ഭാഗത്തിന്റെ നിർമ്മാണം ദക്ഷിണ റെയിൽവേയാണ് നടത്തേണ്ടത്. അതിനുള്ള പ്രാരംഭ നടപടികൾ ദക്ഷിണ റെയിൽവേ നടത്തുന്നതായിട്ടാണ് അറിയാൻ കഴിഞ്ഞത്.

(ബി) 41.10 ലക്ഷം രൂപ റെയിൽവേക്ക് അടക്കേണ്ടതിൽ 19 ലക്ഷം രൂപ നേരത്തേ അടച്ചിരുന്നു. ബാക്കി തുക അടയ്ക്കുന്നതിനുള്ള അനുമതി 2/05 അവസാനം നൽകിയിട്ടുണ്ട്.

(സി) അറിയിച്ചിട്ടുണ്ട്.

പുല്ലിക്കടവിൽ പാലം നിർമ്മാണം

160 [2231] ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യത്തിന് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊണ്ടോട്ടി നിയോജക മണ്ഡലത്തിലെ ചേലമ്പ്രയിൽ പുല്ലിക്കടവിൽ പാലം നിർമ്മിക്കുവാനുള്ള നടപടികൾ ഏത് ഘട്ടംവരെയായിയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

സൈറ്റ് സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയാക്കി, ഡിസൈൻ തയ്യാറാക്കി അംഗീകരിച്ച് ബാക്കി നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പാലം പണി തുടങ്ങാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly